(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ ചവറയിലെ ഇൻഡ്യൻ റെയർ എർത്ത്സ് ആന്റ് മിനറൽസിന് നിബന്ധനകൾക്ക് വിധേയമായി ഖനനാനുമതി അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ ബ്ലോക്ക് II & IV-ൽ 62.204 ഹെക്ടർ 40.566 ഹെക്ടർ എന്നിങ്ങനെ മൊത്തം 102.77 ഹെക്ടർ സ്ഥലത്ത് 22-2-2005-ലെ ജി. ഒ. (എം. എസ്.) നം. 22/2005/ഐ. ഡി. പ്രകാരം 20 കൊല്ലം പ്രാബല്യത്തിലുള്ള ഒരു ലീസും ബ്ലോക്ക് II-വിന്റെ കിഴക്കു വശത്ത് 67 ഹെക്ടർ സ്ഥലത്ത് 21-10-1998-ലെ 147/98/ ഐ. ഡി. പ്രകാരം ഒരു ലീസും ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് നിലവിൽ ഉണ്ട്.

കരുനാഗപ്പള്ളി താലൂക്കിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് ബ്ലോക്ക് I, III, V, VII എന്നീ സ്ഥലത്ത് 157.6496 ഹെക്ടറിൽ ജി. ഒ. (എം. എസ്.) 335/72 തീയതി 11-12-1972 പുറപ്പെടുവിച്ച ഉത്തരവു പ്രകാരം ചെയ്ത 20 കൊല്ലത്തെ ലീസ് 8-7-2005 വരെ നിലവിൽ ഉണ്ട്.

(ഡി) കരിമണൽ ഖനനാനുമതിയുമായി ബന്ധപ്പെട്ട് M/s. വി. വി. മിനറൽസ് കീഴൈകരൈനേതട്, തിശയൻവിളെ, തിരുനൽവേലി, തമിഴ്നാട് എന്ന സ്ഥലത്ത് ചെയ്ത WP(C) No. 15688/2003 എന്ന ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഉണ്ട്.

ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം

*14 [602] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *എൻ. രാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിലേക്ക് തൊഴിൽ വാഗ്ദാനം നൽകി സ്ത്രീകളെയും കുട്ടികളെയും കൊണ്ടുപോയി ചൂഷണം ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം കർശനമായി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ മത്സ്യ സംസ്ക്കരണ സ്ഥാപനങ്ങളിലെ ജോലിക്കായി കേരളത്തിൽ നിന്നും സ്ത്രീകൾ പോകുന്നുണ്ട്. തൊഴിൽ വകുപ്പിൽ നിന്നും റിക്രൂട്ട്മെന്റ് ലൈസൻസ് നൽകിയിട്ടുള്ള കോൺട്രാക്ടർമാർ മുഖേനയാണ് ഇവർ പോകുന്നത്. ഇവരെ ചൂഷണം ചെയ്യുന്നതായി പരാതികളില്ല. എന്നാൽ അംഗീകൃത കോൺട്രാക്ടർമാർ മുഖേനയല്ലാതെ ജോലിക്കു പോകുന്ന സ്ത്രീകൾ ചൂഷണത്തിന് വിധേയ മാകുന്നതായി ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്. ഈ അവസരങ്ങളിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ലേബർ കമ്മീഷണർമാരുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കാറുണ്ട്. അന്യ സംസ്ഥാനങ്ങളിലേക്ക് കേരളത്തിൽ നിന്നും കുട്ടികൾ ജോലിക്കു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാനങ്ങളിൽ ജോലി തേടി പോകുന്ന സ്ത്രീകളെ ചൂഷണം ചെയ്യുന്നതായി പരാതികളുണ്ടാകുന്ന അവസരങ്ങളിൽ അതാതു സംസ്ഥാനത്തെ ലേബർ കമ്മീഷണർമാരുമായി ബന്ധം പുലർത്തി പരാതി പരിഹരിക്കാറുണ്ട്. അംഗീകൃത കോൺട്രാക്ടർമാർ മുഖേനയല്ലാതെ ജോലിക്കു പോകുന്ന സ്ത്രീകളെ സംബന്ധിച്ചാണ് പരാതികളുണ്ടാകാറുള്ളത്. അനധികൃത റിക്രൂട്ട്മെന്റിനെതിരെയും തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിന് സെമിനാറുകളും മറ്റ് പ്രചാരണ പരിപാടികളും നടത്താറുണ്ട്. അത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഈ മാസം 30-ന് മുൻപായി കേരളത്തിലെ അഞ്ച് ജില്ലകളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം കർശനമായി നടപ്പാക്കുന്നുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കാത്തതിനാലാണ് സ്ത്രീകളെ ചൂഷണം ചെയ്യുന്നതായുള്ള പരാതികളുണ്ടാകുന്നത്. ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണെന്ന് ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

*15 [603] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

" *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര അനാഥാലയങ്ങളിലായി എത്ര പേർക്ക് വേണ്ടിയാണ് പ്രസ്തുത ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്.

(ബി) 617 അനാഥാലയങ്ങളിലായി 52,210 അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്.

(സി) ഗ്രാൻറ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു:

1. ഓർഫനേജ് നടത്തുന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly